**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3098** **25-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി വഴി പ്രഖ്യാപിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | നാദാപുരം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പാലങ്ങളുടെ പ്രവൃത്തികൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>**നിരത്ത് പ്രവർത്തികൾ**</u>

**1. കളങ്ങരത്ത് നമ്പിത്താൻകുണ്ട് വിലങ്ങാട് വാല്യക്ക് റോഡ്**

പ്രസ്തുത റോഡിന് കിഫ്ബിയിൽ നിന്നും 41.31 കോടി രൂപയുടെ സാമ്പത്തികാനുമതിയും കെ.ആർ.എഫ്.ബി യിൽ നിന്നും 42.9471 കോടി രൂപയുടെ സാങ്കേതിക അനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് 26/02/2021 തിയതിയിൽ പ്രവർത്തി ടെൻഡർ ചെയ്യുകയും 18/08/2021 തീയതിയിലെ 27-ാം മത് ടെണ്ടർ അപ്പ്രൂവൽ കമ്മിറ്റിയിൽ നിന്നും അനുമതി നേടുകയും ചെയ്തിട്ടുണ്ട്. ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**2. തൊട്ടിൽപ്പാലം കുണ്ടുതോട് റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 14.25 കോടി രൂപയുടെ സാമ്പത്തികാനുമതിയും, കെ.ആർ.എഫ്.ബി യിൽ നിന്നും 14.75 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് 26/02/2021 തിയ്യതിയിൽ പ്രവർത്തി ടെൻഡർ ചെയ്യുകയും 18/08/2021 തീയതിയിലെ 27-ാംമത് ടെണ്ടർ അപ്പ്രൂവൽ കമ്മിറ്റിയിൽ നിന്നും അനുമതി നേടുകയും ചെയ്തിട്ടുണ്ട്. ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**3. കായപനച്ചി ചൂണ്ടയിൽ പുതിയങ്ങാടി റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് കായപനച്ചി കുന്നുംചിറ - എടച്ചേരി - പുതിയങ്ങാടി എന്ന് പുനർനാമകരണം ചെയ്യണമെന്ന ബഹു.എം.എൽ.എ യുടെ ആവശ്യപ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ PS2/226/2021/PWD നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**4. മലയോര ഹൈവേ പുല്ലുവായ് തൊട്ടിൽ പാലം വരെ (0/000 മുതൽ 28/000 വരെ)**

പ്രസ്തുത പ്രവൃത്തിക്ക കിഫ്ബിയിൽ നിന്നും 88.13 കോടി രൂപയുടെ സാമ്പത്തികാനുമതിയും കെ.ആർ.എഫ്.ബി യിൽ നിന്നും 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയത് 15.04.2021 ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ലഭിച്ച നിർദേശം അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി 09.09.2021 ന പുനഃസമർപ്പിക്കുകയും ചെയ്തു. അതിനു ശേഷം 14.09.2021 കിഫ്ബി അധിക വിവരങ്ങൾ ആവശ്യപ്പെട്ടത് അനുസരിച്ച മറുപടി 28.09.2021 ന കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**5. വടകര വില്യാപ്പിള്ളി ചേലക്കര റോഡ്**

പ്രസ്തുത പ്രവർത്തിക്ക് 31.00 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. പദ്ധതിയിൽ ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടുനല്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. വടകര, കുറ്റിയാടി, നാദാപുരം എന്നീ മണ്ഡലങ്ങളിലൂടെയാണ് പ്രസ്തുത റോഡ് കടന്നു പോകുന്നത്. ടി മണ്ഡലങ്ങളിലെ എം.എൽ.എ മാരുമായി കൂടിയാലോചന നടത്തി ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങൾ ശേഖരിച്ച അലൈൻമെന്റ് ഡ്രായിങ് തയ്യാറാക്കുന്ന നടപടികൾ കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പുരോഗമിക്കുന്നു.

**6. മൂന്നാംകൈ – കരിങ്ങാട് റോഡ്**

പ്രസ്തുത പ്രവർത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ PMGSY മാനദണ്ഡ പ്രകാരമുള്ള എസ്റ്റിമേറ്റ് 01.10.2021 ൽ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫബിയിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 3.80m വീതിയിൽ നിലവിലുള്ള കാരിയേജ് വേയിൽ റോഡ് നിർമ്മിക്കുന്നതിനായി 28.936 കോടി രൂപയ്ക്കു DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റാണ് കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുള്ളത്.